# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 990 — 07/02/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, കെ. വി. വിജയദാസ്<br>,, എസ്. രാജേന്ദ്രൻ<br>,, വി. ചെന്താമരാക്ഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | അട്ടപ്പാടിയുടെ വികസനത്തിനായുണ്ടായിരുന്ന അഹാഡ്സ് അടച്ചുപൂട്ടിയതിനു ശേഷമുള്ള അട്ടപ്പാടിയിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ | അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി ജപ്പാൻ ധന സഹായത്തോടെ നടപ്പിലാക്കിയിരുന്ന പാരിസ്ഥിതിക സാമൂഹിക വികസന പ്രവർത്തനങ്ങൾ 2012 മാർച്ച് 31 ന് അവസാനിപ്പിക്കുകയുണ്ടായി. ഇതിനുശേഷമുള്ള വികസന പ്രവർത്തനങ്ങൾ ജില്ലാ ആഫീസർമാരുടെ മീറ്റിംഗുകളിൽ അട്ടപ്പാടി പ്രോജക്ട് ഓഫീസറിൽ നിന്നും അട്ടപ്പാടിയുടെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശകലനം നടത്തുന്നുണ്ട്. |
| ബി | അട്ടപ്പാടിയുടെ തുടർ വികസനത്തിനായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; | ബി | അട്ടപ്പാടിയുടെ പരിസ്ഥിതി പുനസ്ഥാപന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അഹാഡ്സിനെ പങ്കാളിത്ത സമഗ്ര വിഭവ പരിപാലന കേന്ദ്രമാക്കി (Centre for Comprehensive Participatory Resource Management-CCPRM) മാറ്റുന്നതിന് അഹാഡിസിന്റെ ഗവേർണിംഗ് ബോഡി ശുപാർശ ചെയ്യുകയുണ്ടായി. അട്ടപ്പാടിയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു നോഡൽ ഓഫീസറുടെ സേവനം സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. |
| സി | ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറി എന്ത് നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ? | സി | ജപ്പാൻ പദ്ധതി പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്ന മുറയ്ക്ക് സർക്കാർ സാമ്പത്തിക സഹായത്തോടെ അഹാഡ്സിന്റെ തുടർ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനും തുടർ വർഷങ്ങളിൽ സാമ്പത്തിക സഹായവും ജീവനക്കാരുടെ എണ്ണവും ക്രമാനുഗതമായി കുറവ് ചെയ്തുകൊണ്ട് സ്ഥാപനത്തിന്റെ സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനാണ് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നത്. |

സെക്ഷൻ ഓഫീസർ